LIBRARY ARCHIVES Kerala Legislative Assembly

കൂത്താട്ടുകുളം റോഡ് വികസന പദ്ധതി

50(4060) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ കിഫ്ബി റോഡ് വികസന പദ്ധതിയുടെ ഭാഗമായ 15.6 കിലോമീറ്റർ നീളമുള്ള മൂവാറ്റുപുഴ-കൂത്താട്ടുകുളം റോഡ് വികസന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നതെന്നും എന്ന് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി സ്ഥലമേറ്റെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകാമോ; പദ്ധതി നടത്തിപ്പിൽ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

(എ-സി) ഈ പ്രവൃത്തിക്ക് 25 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെ 487.22 കോടി രൂപയുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചു. കിഫ്ബി സ്ഥല പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ നൽകിയ സാങ്കേതിക അവലോകന റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള വസ്തുതകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കി സാമ്പത്തികാനുമതി നേടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സാമ്പത്തികാനുമതി ലഭ്യമാകുന്നമുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാവുന്നതാണ്.

സംസ്ഥാനപാതയരികിലെ മാലിന്യനിക്ഷേപം

51(4061) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവീകരിച്ച പുനലൂർ-മൂവാറ്റുപുഴ സംസ്ഥാനപാതയിൽ പൊന്തൻപുഴ വനമേഖല വരുന്ന ഭാഗങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

പുനലൂർ - മൂവാറ്റുപുഴ സംസ്ഥാനപാതയിൽ പൊന്തൻപുഴ വനം വരുന്ന ഭാഗങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.